## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2363 — 23-01-2014 ലെ മറുപടിയ്ക്ക്

### നികുതി വരുമാനം കുറഞ്ഞതിന്റെ കാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.അജിത് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) നടപ്പുസാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള നികുതി വരുമാനം എത്രയെന്നും ഇത് പ്രതീക്ഷിച്ചതിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | എ) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ സംസ്ഥാന തനത് നികുതി വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നവംബർ 2013 വരെ ലഭിച്ച യഥാർത്ഥ വരുമാനം, മുൻ സാമ്പത്തിക വർഷം നവംബർ 30 വരെ ലഭിച്ച വരുമാനം എന്നിവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>നടപ്പു സാമ്പത്തിക വർഷത്തിൽ 31.12.2013 വരെ വാണിജ്യനികുതി വരുമാനം പ്രതീക്ഷിച്ചതിൽ നിന്ന് 13 ശതമാനത്തിന്റെയും, വിവിധ നികുതിയിനങ്ങളിലായി എക്സൈസ് വകുപ്പ് വഴി സമാഹരിക്കുവാൻ പ്രതീക്ഷിച്ച വരുമാനത്തിൽ 31.12.2013 വരെ 50.52 ശതമാനത്തിന്റെയും, മോട്ടോർവാഹന വകുപ്പിൽ പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 31.12.2013 വരെ 18.75 ശതമാനത്തിന്റെയും കുറവുണ്ടായിട്ടുണ്ട്. |
| ബി) നികുതി വരുമാനം കുറഞ്ഞതിന്റെ പേരിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയോ സാമ്പത്തിക ബുദ്ധിമുട്ടോ ഉടലെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | ബി) | സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടുണ്ട്. അത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല. |
| സി) നികുതി വരുമാനം കുറഞ്ഞിട്ടുള്ളതായി കണക്കാക്കുന്നുവെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ? | സി) | നികുതി വരുമാനത്തിൽ മൊത്തത്തിൽ കുറവ് ഉണ്ടായിട്ടില്ല. എന്നാൽ നികുതി പിരിവിൽ ചില വിഭാഗങ്ങളിൽ പ്രതീക്ഷിച്ച പ്രകാരമുള്ള ഒരു വർദ്ധനവ് ഉണ്ടായിട്ടില്ല. ഇതിന്റെ കാരണങ്ങൾ താഴെ |

പ്പറയുന്നവയാണ്.

1) വാഹനങ്ങളുടെ വിൽപ്പനയിലും രജിസ്ട്രേഷനിലും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായതിനാൽ ഏറ്റവും കൂടുതൽ വാറ്റ് നികുതി ലഭിക്കുന്ന ഉൽപന്നമായ മോട്ടാർവാഹനത്തിൽ പ്രതീക്ഷിച്ച നികുതി വർദ്ധന ഉണ്ടായില്ല.

2) പ്രധാന കാർഷികോൽപ്പന്നങ്ങളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയിലും പൊതുവായ എല്ലാ നാണ്യവിളകളിലും ഉണ്ടായ വിലയിടിവും കാലവർഷക്കെടുതി മൂലമുള്ള ഉൽപാദനക്കുറവും ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി.

3) നിർമ്മാണ മേഖല പൊതുവേ മാന്ദ്യം നേരിടുന്നതിനാൽ ഈ മേഖലയിൽ നിന്നും നിർമ്മാണ സാമഗ്രികളുടെ നികുതിയിലും വളർച്ചാനിരക്ക് കുറവാണ് രേഖപ്പെടുത്തിയത്.

4) ഈ വർഷം അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന്മേൽ ലഭിക്കാമായിരുന്ന നികുതി ലഭിച്ചില്ല എന്നു മാത്രമല്ല പ്രധാനമായും കാർഷിക മേഖലയാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന നാണ്യവിളകളുടെ വിലയിടിവ്, മഴയെത്തുടർന്നുള്ള ഉൽപ്പാദനക്കുറവ് എന്നിവ കർഷകരുടെ ക്രയശേഷിയെ ബാധിച്ചു. ഇത് ആഡംബര വസ്തുക്കളുടെ വിൽപനയേയും തദ്വാര ലഭിക്കാമായിരുന്ന നികുതിയെയും ബാധിക്കുകയുണ്ടായി.

5) ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവിൽ ഗണ്യമായ ഇടിവുണ്ടായത് നികുതി വരുമാനത്തെ സാരമായി ബാധിച്ചു.

6) രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ വന്ന കുറവും സ്റ്റാമ്പ് ഡ്യൂട്ടിയിൽ 2% കുറവ് വരുത്തിയതും രജിസ്ട്രേഷൻ ഇനത്തിൽ വരുമാനം കുറയാൻ കാരണമായി.

സെക്ഷൻ ഓഫീസർ

ഉ 2363 19.

# അനുബന്ധം

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | 30/11/2013 വരെയുള്ള കണക്കുകൾ | 30/11/2012 വരെയുള്ള കണക്കുകൾ |
|---|---|---|---|
| | (തുക കോടിയിൽ) | | |
| <u>സംസ്ഥാന തനത് നികുതി വരവ്</u> | | | |
| കാർഷികാദായ നികുതി | 23.98 | 4.85 | 2.60 |
| ഭൂ നികുതി | 135.49 | 61.07 | 77.82 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 4207.01 | 1668.73 | 1965.56 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 87.59 | 35.93 | 33.27 |
| സംസ്ഥാന എക്സൈസ് | 2801.75 | 1252.81 | 1305.60 |
| വിൽപന നികുതി | 28456.62 | 15797.94 | 14334.55 |
| വാഹന നികുതികൾ | 2570.65 | 1388.44 | 1240.47 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 284.15 | 25.62 | 15.62 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 203.86 | 102.07 | 84.51 |
| **ആകെ സംസ്ഥാന തനത് നികുതി വരവ്** | **38771.10** | **20337.46** | **19060.00** |

സെക്ഷൻ ഓഫീസർ